# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂലൈ 9, ചൊവ്വ

**നമ്പർ 148**

രാവിലെ 9.00-ന് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണവും ഒന്നാം നമ്പർ അടിയന്തര ചോദ്യവും സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2024 ജൂൺ 11- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 611- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് മേശപ്പുറത്തുവച്ചു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

സംസ്ഥാനത്ത് ഉഷ്ണതരംഗത്തിലും അതിതീവ്രമഴയിലും സംഭവിച്ച കൃഷി നാശംമൂലം കർഷക സമൂഹം നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കുറുക്കോളി മൊയ്തീനും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP. 973/2024.

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. പി. മോഹനൻ തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ പൊതുവിതരണരംഗം നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധികൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട വിവാദം | മുഖ്യമന്ത്രി |
| (ചട്ടം 304 പ്രകാരമുള്ള ആദ്യ നോട്ടീസിനുള്ള മറുപടിയിന്മേൽ പ്രതിപക്ഷ നേതാവ് പ്രതിഷേധം രേഖപ്പെടുത്തി. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.) | | | |
| 2 | ശ്രീ. രമേശ് ചെന്നിത്തല | വിദേശ രാജ്യങ്ങളിലേക്ക് അനധികൃതമായി നടത്തുന്ന തൊഴിൽ റിക്രൂട്ട്മെന്റ് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | താനൂർ ബോട്ടപകടത്തിൽ മരിച്ചവർക്കും ചികിത്സയിൽ തുടരുന്നവർക്കും സാമ്പത്തിക സഹായം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. പി. ടി. എ. റഹീം | കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേയ്ക്ക് സ്ഥലം വിട്ടുനൽകിയവർ ക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ഡോ. സുജിത് വിജയൻപിള്ള | നീണ്ടകര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. കെ. അക്ബർ | കടപ്പുറം, പുന്നയൂർക്കുളം ഭാഗത്തെ കടലാക്രമണം | ജല വിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. പി. ചിത്തരഞ്ജൻ | കയർ മേഖലയിലെ തൊഴിലാളികളുടെ പ്രതിസന്ധി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ഹൈസ്കൂൾ വരെയുള്ള ക്ലാസ്സുകളിൽ ശനിയാഴ്ച അവധി പുനഃസ്ഥാപിക്കു ന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 9 | ശ്രീമതി സി. കെ. ആശ | ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീമതി കെ. കെ. രമ | NH 66 - ന്റെ നിർമ്മാണത്തിലെ അപകട മേഖലകളിൽ ഭൂമി ഏറ്റെടുക്കൽ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 11 | ശ്രീ. കെ. ആൻസലൻ | ആയയിൽ മുള്ളറവിള പാലം, നെയ്യാറ്റിൻകര കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(i) സബ്ജക്ട് കമ്മിറ്റി III - ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(ii) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാല് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u> :

(1) 2024 ഫെബ്രുവരി 9- ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 21/2024/ എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 168/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിക്കുശേഷം, ഔദ്യോഗിക ഭേദഗതി ഉൾപ്പെടെ താഴെപ്പറയുന്ന ഭേദഗതികൾ സഭ അംഗീകരിക്കുകയും ശേഷിക്കുന്നവ സഭയുടെ അനുമതിയോടെ പിൻവലിക്കുകയുമുണ്ടായി :

(i) ചട്ടം 2(1)(കെ) - ൽ "2018" എന്നതിന് പകരം "2016" എന്ന് ചേർക്കുക.

(ii) ചട്ടം 3(2)(പി)-ൽ "തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

(iii) ചട്ടം 4-ലെ പട്ടിക 1-ൽ ക്രമനമ്പർ (2) കോളം (2)-ൽ

"100 ചതുരശ്ര മീറ്റർ താഴെയുള്ളതുമായ" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം "100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കവും വാക്കുകളും ചേർക്കുക.

(iv) ചട്ടം 6(1)-ൽ

(1) "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(2) "ആയതിൽ" എന്ന വാക്കിന് പകരം "ഫാറം 1-<u>ബി</u>യിൽ" എന്ന വാക്കും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(v) ചട്ടം 6(4)(vii)-ൽ "എയർക്രാഫ്റ്റ്" എന്ന വാക്കിന് ശേഷം "ആക്റ്റ്" എന്ന വാക്ക് ചേർക്കുക.

(vi) ചട്ടം 6(4)(ix)-ൽ "നടത്തിയിരുന്നെങ്കിൽ" എന്ന വാക്കിന് പകരം "നടത്തിയിട്ടുള്ളതെങ്കിൽ" എന്ന വാക്ക് ചേർക്കുക.

(vii) ചട്ടം 6(9)-ൽ ഇനം 1-ൽ "ജില്ലയിലെ" എന്ന വാക്കിന് ശേഷം "തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

(viii) ചട്ടം 7(5) - ൽ "സെക്രട്ടറി നൽകിയ ഫാറം 1-ബി ൽ നൽകിയ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം "സെക്രട്ടറി ഫാറം 1-ബി യിൽ രേഖപ്പെടുത്തിയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(ix) ചട്ടം 10(5) ഇനം (iii)-ൽ "പ്ലാനിംഗ്" എന്ന വാക്കിന് പകരം "എൽ.എസ്.ജി.ഡി. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) (കൺവീനർ)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

(x) ചട്ടം 12(2)-ൽ "ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം "അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക.

(2) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 20/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 172/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിക്കു ശേഷം, ഔദ്യോഗിക ഭേദഗതി ഉൾപ്പെടെ താഴെപ്പറയുന്ന ഭേദഗതികൾ സഭ അംഗീകരിക്കുകയും ശേഷിക്കുന്നവ സഭയുടെ അനുമതിയോടെ പിൻവലിക്കുകയുമുണ്ടായി :

(i) ചട്ടം 3(2)(പി)-ൽ "തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

(ii) ചട്ടം 4 - ലെ പട്ടിക 1-ൽ ക്രമനമ്പർ (2) കോളം (2)-ൽ

"100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതുമായ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

(iii) ചട്ടം 6(1) -ൽ

(1) "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(2) "കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾക്ക് പകരം "അനുബന്ധം I പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കിയ സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾ ചേർക്കുക.

(3) "ആയതിൽ" എന്ന വാക്കിന് പകരം " ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(iv) ചട്ടം 6(2)(ii)-ൽ "പരിശോധിച്ച്" എന്ന വാക്കിനു പകരം "എന്നിവർ" എന്ന വാക്ക് ചേർക്കുക.

(v) ചട്ടം 6(9) - ൽ ഇനം 1-ൽ "ജില്ലയിലെ" എന്ന വാക്കിന് ശേഷം "തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

(vi) ചട്ടം 10(5) ഇനം (iii)-ൽ "പ്ലാനിംഗ്" എന്ന വാക്കിന് പകരം "എൽ.എസ്.ജി.ഡി. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) (കൺവീനർ)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

(vii) ചട്ടം 12(2)-ൽ "ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം "അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക.

ധനകാര്യം :

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റും, 2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകളും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സഭയുടെ മേശപ്പുറത്തുവച്ചു.

നിയമനിർമ്മാണകാര്യം :

2024-ലെ കേരള ധനവിനിയോഗ (2- ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2024-ലെ കേരള ധനവിനിയോഗ (2 - ാം നമ്പർ) ബിൽ അവതരിപ്പിക്കുകയും, പ്രസ്തുത ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. എ.കെ.എം. അഷ്റഫ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എം. വിജിൻ

ശ്രീമതി ഉമ തോമസ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്

ശ്രീമതി കെ. കെ. രമ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. വി. ജോയി

ശ്രീ. രമേശ് ചെന്നിത്തല.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി നൽകി.

(ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിലെ പരാമർശത്തിന്മേൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

തുടർന്ന് ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2024-ലെ കേരള ധനകാര്യ (2 - ാം നമ്പർ) ബിൽ ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

2024 ജൂലൈ 10- ാം തീയതി, ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.41 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday July 9, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Five Questions in the list of Questions posted for the day and short notice question No. 1 were answered orally.

*Correction of answer to Unstarred Question :*

The Corrected answer to Unstarred question No. 611 dated 11th June 2024 of Eleventh session of Fifteenth Kerala Legislative Assembly were laid on the Table by Shri P. Rajeeve, Minister for Law, Industries and Coir.

*Adjournment Motion :*

After hearing the Minister for Agriculture, the Speaker withheld consent to the moving of an adjournment motion given notice of by Shri Kurukkkoli Moideen and five other Members regarding the serious situation reported to have faced by the farming community due to the crop damage caused by the heat wave and heavy rain in the State.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.

*Calling Attention :*

(1) Shri K. P. Mohanan called the attention of the Minister for Local Self Governments, Excise and Parliamentary Affairs to the necessity to undertake new road works by including the same under the Chief Minister's Local Road Rebuild Project. The Minister made a statement there to.

(2) Shri Mons Joseph called the attention of the Minister for Food and Civil Supplies to the necessity to resolve the crises reported to have faced by the Public Distribution Sector in the State. The Minister made a statement there to.

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട വിവാദം | മുഖ്യമന്ത്രി |
| (ചട്ടം 304 പ്രകാരമുള്ള ആദ്യ നോട്ടീസിനുള്ള മറുപടിയിന്മേൽ പ്രതിപക്ഷ നേതാവ് പ്രതിഷേധം രേഖപ്പെടുത്തി. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.) | | | |
| 2 | ശ്രീ. രമേശ് ചെന്നിത്തല | വിദേശ രാജ്യങ്ങളിലേക്ക് അനധികൃതമായി നടത്തുന്ന തൊഴിൽ റിക്രൂട്ട്മെന്റ് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | താനൂർ ബോട്ടപകടത്തിൽ മരിച്ചവർക്കും ചികിത്സയിൽ തുടരുന്നവർക്കും സാമ്പത്തിക സഹായം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 4 | ശ്രീ. പി.ടി.എ. റഹീം | കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേക്ക് സ്ഥലം വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ഡോ. സുജിത് വിജയൻപിള്ള | നീണ്ടകര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എൻ. കെ. അക്ബർ | കടപ്പുറം, പുന്നയൂർക്കുളം ഭാഗത്തെ കടലാക്രമണം | ജല വിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. പി. ചിത്തരഞ്ജൻ | കയർ മേഖലയിലെ തൊഴിലാളികളുടെ പ്രതിസന്ധി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ഹൈസ്കൂൾ വരെയുള്ള ക്ലാസ്സുകളിൽ ശനിയാഴ്ച അവധി പുനഃസ്ഥാപിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 9 | ശ്രീമതി സി. കെ. ആശ | ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീമതി കെ. കെ. രമ | NH 66 - ന്റെ നിർമ്മാണത്തിലെ അപകട മേഖലകളിൽ ഭൂമി ഏറ്റെടുക്കൽ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 11 | ശ്രീ. കെ. ആൻസലൻ | ആയയിൽ മുള്ളറവിള പാലം, നെയ്യാറ്റിൻകര കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

(i) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - III were presented.

(ii) The Fourteenth to Seventeenth Reports of the Committee on Estimates were presented.

*Consideration of Amendments to Rules :*

(1) DR. N. Jayaraj moved amendments to the Kerala Panchayat Building (Regularisation of Unauthorised Construction) Rules, 2024 issued in G.O. (P) No.21/2024/L.S.G.D. dated 9/2/2024 (S.R.O No. 168/2024).

The Minister for Local Self Governments, Excise and Parliamentary Affairs replied to the points raised. After the reply by the Minister for Local Self Governments, Excise and Parliamentary Affairs the following amendments including official amendments were adopted and rest of the amendments were withdrawn by the leave of the House :

(i) ചട്ടം 2(1)(കെ)-ൽ "2018" എന്നതിന് പകരം "2016" എന്ന് ചേർക്കുക.

(ii) ചട്ടം 3(2)(പി)-ൽ "തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

(iii) ചട്ടം 4 - ലെ പട്ടിക 1 - ൽ ക്രമനമ്പർ (2) കോളം (2)-ൽ "100 ചതുരശ്ര മീറ്റർ താഴെയുള്ളതുമായ" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം "100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കവും വാക്കുകളും ചേർക്കുക.

(iv) ചട്ടം 6(1)-ൽ

(1) "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(2) " ആയതിൽ" എന്ന വാക്കിന് പകരം "ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(v) ചട്ടം 6(4)(vii)-ൽ "എയർക്രാഫ്റ്റ്" എന്ന വാക്കിന് ശേഷം "ആക്റ്റ് " എന്ന വാക്ക് ചേർക്കുക.

(vi) ചട്ടം 6(4)(ix)-ൽ "നടത്തിയിരുന്നെങ്കിൽ" എന്ന വാക്കിന് പകരം " നടത്തിയിട്ടുള്ളതെങ്കിൽ" എന്ന വാക്ക് ചേർക്കുക.

(vii) ചട്ടം 6(9) - ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം " തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

(viii) ചട്ടം 7(5)-ൽ "സെക്രട്ടറി നൽകിയ ഫാറം 1-ബി ൽ നൽകിയ " എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " സെക്രട്ടറി ഫാറം 1-ബി യിൽ രേഖപ്പെടുത്തിയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(ix) ചട്ടം 10(5) ഇനം (iii)-ൽ "പ്ലാനിംഗ്" എന്ന വാക്കിന് പകരം "എൽ.എസ്.ജി.ഡി. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) (കൺവീനർ)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

(x) ചട്ടം 12(2)-ൽ "ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം "അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക.

(2) Dr. N. Jayaraj moved amendments to the Kerala Municipality Building (Regularisation of Unauthorised Construction) Rules, 2024 issued in G.O. (P) No.20/2024/L.S.G.D. dated 09/02/2024 (S.R.O No. 172/2024). The Minister for Local Self Governments, Excise and Parliamentary Affairs replied to the points raised. After the reply by the Minister for Local Self Governments, Excise and Parliamentary Affairs the following amendments including official amendments were adopted and rest of the amendments were withdrawn by the leave of the House :

(i) ചട്ടം 3(2)(ഫി)-ൽ "തയ്യാറാക്കിയ" എന്ന വാക്കിന് പകരം "പാസ്സാക്കിയ" എന്ന വാക്ക് ചേർക്കുക.

(ii) ചട്ടം 4 - ലെ പട്ടിക 1 - ൽ ക്രമനമ്പർ (2) കോളം (2)-ൽ

"100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതുമായ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

(iii) ചട്ടം 6(1)-ൽ

(1) "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(2) "കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾക്ക് പകരം "അനുബന്ധം I പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കിയ സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾ ചേർക്കുക.

(3) "ആയതിൽ" എന്ന വാക്കിന് പകരം "ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(iv) ചട്ടം 6(2)(ii) - ൽ "പരിശോധിച്ച്" എന്ന വാക്കിനു പകരം "എന്നിവർ" എന്ന വാക്ക് ചേർക്കുക.

(v) ചട്ടം 6(9)-ൽ ഇനം 1-ൽ "ജില്ലയിലെ " എന്ന വാക്കിന് ശേഷം "തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

(vi) ചട്ടം 10(5) ഇനം (iii)-ൽ "പ്ലാനിംഗ്" എന്ന വാക്കിന് പകരം "എൽ.എസ്.ജി.ഡി. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) (കൺവീനർ)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

(vii) ചട്ടം 12(2)-ൽ "ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം "അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക.

*Financial Business :*

Shri K. N. Balagopal, Minister for Finance laid on the Table the Supplementary Financial Statement in the Budget for the financial year 2024-25 and the statements of Excess Grants for Expenditure in the financial years from 2016-17 to 2019-20.

*Legislative Business:*

Introduction and further stages of the Kerala Appropriation (No. 2) Bill, 2024

Shri K. N. Balagopal, Minister for Finance introduced the Kerala Appropriation (No. 2) Bill, 2024 and moved the motion that the bill be taken up for consideration.

The following members took part in the discussion;

Smt. K. K. Shailaja Teacher

Shri Thiruvanchoor Radhakrishnan

Shri E. Chandrasekharan

Shri P. Ubaidulla

Shri Job Maichil

Shri A.K.M. Ashraf

Shri P. Mammikutty

Shri Thottathil Ravindran

Shri M. Vijin

Smt. Uma Thomas

Shri C. H. Kunhambu

Shri K. K. Ramachandran

Shri Thomas K. Thomas

Smt. K. K. Rema

Shri Muhammed Muhassin

Shri V. Joy

Shri Ramesh Chennithala.

Shri K. N. Balagopal, Minister for Finance replied to the points raised during the discussion.

(In protest against the remark in the reply of the Minister of Finance, the Members belonging to the opposition staged a walkout.)

Then the Bill was taken up for clause by clause consideration and the Kerala Appropriation (No. 2) Bill, 2024 was passed without any amendments.

The House adjourned at 4.41 p.m. to meet again at 9.00 a.m. on Wednesday, July 10, 2024.

DR. N. KRISHNA KUMAR,
*Secretary.*